MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/07/2023.

1. കാർഷിക സർവകലാശാല, ഫലവർഗ്ഗ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വിവിധ ഇനം മാവ്, പ്ലാവ് നാരകം, ആത്തച്ചക്ക, അരിനെല്ലി, കറിവേപ്പ്, കവുങ്ങ് കുരുമുളക് തുടങ്ങിയവയുടെ മുന്തിയ ഇനം തൈകളും ജൈവവളങ്ങളും വില്പനയ്ക്ക് തയ്യാറാണ് ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

2. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ "ഉമ" ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

4. വാമനപുരം കൃഷിഭവനിൽ ഗുണമേന്മയുള്ള WCT തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ 2023-24 വർഷത്തെ കരമടച്ച രസീതുമായി കൃഷിഭവനിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470148 എന്ന നമ്പറിൽ ബന്ധപ്പെടുക.

5. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പറിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടി

6. തൃശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വിളപരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, സസ്യ സംരക്ഷണമുറകൾ തുടങ്ങിയ വിഷയങ്ങളിൽ ഈ മാസം 18 ന് (18/07/2023) പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് 9400483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 19,20,21 തീയതികളിലായി കോഴിക്കോട് വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറി/ക്ലാർക്ക്മാർക്കായി സഹകരണ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 18.07.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495-2414579 എന്ന ' ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർചെയ്യേണ്ടതാണ് .

8. കേരള കാർഷിക സർവകലാശാല, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും' എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി ജൂലൈ 19ന്, സംഘടിപ്പിക്കുന്നു. ലാൻഡ്സ്കേപ്പിംഗിന്റെയും പൂന്തോട്ടത്തിന്റെയും നിർമ്മാണവും പരിപാലനവും, ഇൻഡോർ ഗാർഡനിംഗ് ആശയങ്ങൾ, നൂതന തരത്തിലെ ഉദ്യാനങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുകയും പ്രായോഗിക പരിശീലനം നൽകുകയും ചെയുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂലൈ 18 നു മുമ്പായി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെയുള്ള സമയങ്ങളിൽ രജിസ്റ്റർ ചെയുക. കൂടുതൽ വിവരങ്ങൾക്ക് 0487-2370773 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈമാസം 19, 20 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിലും 25, 26 തീയതികളിൽ കറവപ്പശു പരിപാലനം എന്ന വിഷയത്തിലും പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04892-234323 എന്ന നമ്പറിൽ വിളിച്ചോ 9188522706 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ

നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കാർഷിക നിർദ്ദേശം തെങ്ങ് –**ജില്ലയൊട്ടാകെ മഴ ലഭിച്ച സാഹചര്യത്തിൽ തെങ്ങിൽ കൂമ്പു ചീയലിനുള്ള സാധ്യതയുള്ളതിനാൽ മുൻകരുതലെന്ന നിലയിൽ തുരിശും ചുണ്ണാമ്പും കലർന്ന ലായനി (1 % ബോർഡോ മിശ്രിതം ) തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിക്കുക. രോഗം ബാധിച്ച തെങ്ങുകളിൽ സമർത് (SAMARTH) 3 മില്ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനിയിൽ നിന്നും ഒരു തെങ്ങിന് 300 മില്ലി ലായനി തെങ്ങിൻ മണ്ടയിലും ഇലകളിലുമായി തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം